പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 824 — 9/8/2017 ൽ മറുപടിക്ക്

## പശു /ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പശു, ആട് എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | എ) | സംസ്ഥാനത്ത് പശു, ആട് എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടിപരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമ കുട്ടികൾക്ക് (പ്രതിവർഷം 2ലക്ഷം പശുക്കുട്ടികൾ) ലഭിക്കും വിധം പുനക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. പ്രത്യേക കന്നുകുട്ടി പരിപാലനത്തിലൂടെ 2016-17 സാമ്പത്തിക വർഷം എൻറോൾ ചെയ്ത 25,778 കന്നുകുട്ടികൾക്ക് 2017-18 ൽ രണ്ടാം വർഷം സഹായം ലഭിക്കും. 2017-18 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 20622 കന്നുകുട്ടികളെ എൻറോൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഗോവർദ്ധിനി പദ്ധതിയിലൂടെ 2016-17 സാമ്പത്തികവർഷം എൻറോൾ ചെയ്ത 47760 കന്നുകുട്ടികൾക്ക് രണ്ടാംവർഷം സഹായം ലഭിക്കും. 2017-18 സാമ്പത്തികവർഷം 14448 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കർഷകർക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിനുവേണ്ടി 25,000/-രൂപയുടെ ധനസഹായം നൽകി വരുന്നുണ്ട്. 184 ക്ഷീരകർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 2017-18 സാമ്പത്തിക വർഷം കന്നുകാലി ഇൻഷ്വറൻസിനുവേണ്ടി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു.<br>തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട്, വളർത്തുന്നതിന് ഒരു യൂണിറ്റിന് 25,000/- രൂപ വച്ച് മൃഗസംരക്ഷണ വകുപ്പുവഴി ധനസഹായം നൽകി വരുന്നു. 2017-18 സാമ്പത്തികവർഷം 12,500/- രൂപ വീതം 400 ഗുണഭോക്താക്കൾക്ക് ചാണകം ജൈവവളമാക്കി മാറ്റുന്നതിനുള്ള ധനസഹായവും നൽകി വരുന്നു. മേൽ പറഞ്ഞ പദ്ധതികൾ കൂടാതെ കർഷകർക്ക് സൗജന്യമായി പശുക്കൾക്ക് ബീജധാനം നടത്തുന്നതിനുള്ള പദ്ധതി, പരിശീലന പരിപാടികൾ, വെറ്ററിനറി സേവനം തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലും ഒരു പഞ്ചായത്തിനെ മാതൃകാ ഗ്രാമപഞ്ചായത്ത് ആയി തെരഞ്ഞെടുത്ത് 5 ലക്ഷം രൂപ ചെലവഴിച്ച് മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാത്രികാല വെറ്ററിനറി സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി 85 ബ്ലോക്കുകളിൽ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ